# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2967 07.12.2018-ലെ മറുപടി

### തിരുവനന്തപുരം മണ്ഡലത്തിൽ സ്വിവറേജ് സംവിധാനം

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.വി.എസ്.ശിവകുമാർ** | | **ശ്രീ. കെ.കൃഷ്ണൻകുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി)** |
| എ) തിരുവനന്തപുരം മണ്ഡലത്തിൽ സ്വിവറേജ് സംവിധാനം നിലവിലില്ലാത്ത വേളി മുതൽ പൂന്തുറ വരെയുള്ള തീരദേശമേഖലയിൽ സ്വിവറേജ് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള പദ്ധതി പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ; | എ | തിരുവനന്തപുരം കോർപ്പറേഷൻ പരിധിയിൽ A മുതൽ E വരെയുള്ള സ്വിവറേജ് ബ്ലോക്കുകളിലാണ് ഇപ്പോൾ നിലവിൽ സ്വിവറേജ് സംവിധാനം ഉള്ളത് . F മുതൽ S വരെയുള്ള ബ്ലോക്കുകളിൽ സ്വിവറേജ് സംവിധാനം എത്തിക്കുന്നതിനായി ജൻറം പദ്ധതിയിൽ പ്രോജക്റ്റ് രൂപകല്പന ചെയ്തിരുന്നു . പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി കിണറുകളും പമ്പ് ഹൗസുകളും നിർമ്മിക്കേ ണ്ടതായിരുന്നു. എന്നാൽ പ്രസ്തുത ഘടകങ്ങൾ ക്കായി വേണ്ടി വരുന്ന സ്ഥലങ്ങൾ പരിസര വാസികളുടെ എതിർപ്പ് മൂലം പൂർണ്ണ തോതിൽ ഏറ്റെടുക്കാൻ സാധിച്ചിട്ടില്ല. വേളി മുതൽ പൂന്തുറ വരെയുള്ള സ്ഥലങ്ങളിൽ സ്വിവറേജ് സംവിധാനം ഇല്ല. ജൻറം പദ്ധതിയിൽ പ്രസ്തുത പ്രദേശങ്ങളും ഉൾപ്പെടുത്തിയിരുന്നു. F&G ബ്ലോക്കുകളിലാണ് പ്രസ്തുത പ്രദേശങ്ങൾ ഉൾപ്പെടുന്നത്. ഇതിൽ F ബ്ലോക്കിൽ ഒരു ഭാഗത്ത് (സംഗമം നഗർ പമ്പ് ഹൗസും സമീപ പ്രദേശങ്ങളും) ഇപ്പോൾ പണികൾ നടന്നു വരുന്നു . ജൻറം പദ്ധതിയിൽ ഇപ്പോൾ ഫണ്ട് ലഭിക്കാത്ത അവസ്ഥയാണ്. ആയതിനാൽ ബാക്കിയുള്ള ബ്ലോക്കുകൾ കൂടി ഉൾപ്പെടുത്തി ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് പുതിയ പദ്ധതി ഏറ്റെടുത്ത് നടപ്പിലാക്കേണ്ടതായുണ്ട് . |
| ബി) പ്രസ്തുത പദ്ധതി യാഥാർത്ഥ്യമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കാൻ തയ്യാറാകുമോ; വിശദമാക്കുമോ? | ബി | പ്രസ്തുത പദ്ധതികൾ യാഥാർത്ഥ്യമാക്കുന്നതിന് ഫണ്ട് ലഭ്യതയ്ക്കനുസരിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |

Renuka Sankar

സെക്ഷൻ ഓഫീസർ